# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3788 12.12.2018 ൽ മറുപടിക്ക്

## ജോലി ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) 2014 നവംബർ 12 ന് പോലീസിനെ കണ്ട് ഓടി രക്ഷപ്പെട്ടുവാൻ ശ്രമിക്കുന്നതിനിടെ കായലിൽ വീണ് മരണപ്പെട്ട ടി.കെ.രവി, വടേക്കുറ്റ് തറ, ചേന്നംപള്ളിപ്പുറം പഞ്ചായത്ത്, ചേർത്തല എന്നയാളുടെ മകന് ജോലി നൽകാം എന്ന കളക്ടറുടെ ഉറപ്പ് പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും ആലപ്പുഴ ജില്ലയിലെ പള്ളിപ്പുറം പഞ്ചായത്തിലെ കോറുകാട്ടിൽതറ വീട്ടിൽ രവി എന്നയാൾ 2014 നവംബർ രണ്ടാം തീയതി കുറ്റിയാനി കോളനിക്ക് സമീപം ചീട്ടുകളി കണ്ടുനിൽക്കെ പോലീസിനെ കണ്ട് ചീട്ടുകളി സംഘത്തിലേർപ്പെട്ടവർ ചിതറി ഓടുകയും ശ്രീ. രവി കായലിൽ ചാടുകയും തുടർന്ന് വേമ്പനാട്ടുകായലിൽ മാട്ടേൽതുരുത്തിന് കിഴക്കുഭാഗത്ത് ടിയാന്റെ മൃതദേഹം കാണപ്പെടുകയും ചെയ്തു. മൃതദേഹം കളക്ടർ എത്തിയതിനു ശേഷമേ കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ എന്ന തദ്ദേശവാസികളുടെയും മറ്റും പ്രതിഷേധത്തെ തുടർന്ന് ആലപ്പുഴ സബ് കളക്ടർ പ്രതിഷേധക്കാരുമായി ചർച്ച നടത്തി നിയമാനുസരണം ഉള്ള നടപടികൾ സ്വീകരിച്ചു കൊള്ളാം എന്ന ഉറപ്പിന്മേൽ പ്രശ്നം പരിഹരിച്ചിട്ടുള്ളതുമാണ്. ടിയാളുടെ മകന് ജോലി നൽകാം എന്ന് ജില്ലാകളക്ടർ ഉറപ്പ് നൽകിയോ എന്നത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല. |
| (ബി) കുടുംബനാഥന്റെ പെട്ടെന്നുണ്ടായ മരണത്തെ തുടർന്ന് അനാഥമായ ഈ കുടുംബത്തെ രക്ഷിക്കുന്നതിന് വാഗ്ദാനം ചെയ്ത ജോലി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**